## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 448

02.12.2014-ൽ മറുപടിക്ക്

### റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിത്തറ ഇളക്കുംവിധം റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(എ) റിസർവ്വ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപവും, വായ്പയും, ഓഹരിതുകയും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റാവുന്നതാണെന്ന് 22.07.2013-ൽ നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പുറത്തിറക്കിയ പ്രധാനപ്പെട്ട മാർഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കണം.

2) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം എടുക്കണം

11) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് ആർ.റ്റി.ജി.എസ്, എൻ.ഇ.എഫ്.റ്റി. എ.റ്റി.എം സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള അന്തിമ തീയതി 30.09.2013 ആയി നിശ്ചയിക്കണം.

12) സഹകരണ ബാങ്കുകൾക്കായി പ്രത്യേക ഓംബുഡ്സ്മാൻ റിസർവ്വ് ബാങ്ക്/നബാർഡ് രൂപീകരിക്കണം.

ഇക്കാര്യത്തിൽ നബാർഡ് പുറപ്പെടുവിച്ച 22.07.2013 ലെ നിർദ്ദേശത്തിൽ എന്ന് മുതൽ നടപ്പിലാക്കണമെന്ന് പ്രത്യേക നിർദ്ദേശം ഇല്ല.

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.07.2013 ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ 03.08.2013-ൽ സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും അറിയിച്ചിരുന്നു. നബാർഡിന്റെ സർക്കുലർ നിർദ്ദേശത്തിനെതിരെ ചില പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് സഹകരണ വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയ്ക്കും, കൃഷി വകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് 06.09.2013 -ൽ 196/IDD-11/2013-14 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ല. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്.

സെക്ഷൻ ഓഫീസർ